"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- കോട്ടയം ഡിവിഷനിൽ ഓഫീസ് അറ്റൻഡന്റായി സേവനത്തിലിരിക്കെ അന്തരിച്ച ശോഭന.കെ.കെ യുടെ മകൻ ശ്രീ. രാഹുൽ.എം.ആർ ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.60/2022/F&WLD                    തീയതി,തിരുവനന്തപുരം, 23-12-2022.

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.രാഹുൽ.എം.ആർ, മേച്ചേരിക്കാലായിൽ ഹൗസ്, ഇരവിനെല്ലൂർ, പുതുപ്പള്ളി, കോട്ടയം-686011 സമർപ്പിച്ച 07.12.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18.05.2022 ലെ ഇ6/1883/2022 നമ്പർ കത്തും അനുബന്ധ രേഖകളും.
4. കോട്ടയം ജില്ലാ കളക്ടറുടെ 02.12.2022 ലെ DCKTM/10597/ 2022-SS1 നമ്പർ കത്തും അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ കോട്ടയം ഡിവിഷനിൽ ഓഫീസ് അറ്റൻഡന്റായി സേവനത്തിലിരിക്കേ 03.07.2021ൽ അന്തരിച്ച ശോഭന.കെ.കെ. യുടെ മകൻ ശ്രീ.രാഹുൽ.എം.ആർ സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കോട്ടയം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. കോട്ടയം തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരിയുടെ അനന്തരാവകാശികൾ മകൻ രാജീവ്.എം.ആർ, രാഹുൽ.എം.ആർ എന്നിവരാണ്. അവകാശിയായ മറ്റൊരു മകൻ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് അനുകൂല മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 16.05.1989 ആണ്. അപേക്ഷ സമർപ്പിച്ച തീയതിയിൽ ടിയാന് 32 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാൻ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി എന്നീ പരീക്ഷകൾ പാസ്സായിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 62,000/-രൂപ യാണെന്ന് പുതുപ്പള്ളി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ കോട്ടയം ഡിവിഷനിൽ ഓഫീസ് അറ്റൻഡന്റായി സേവനത്തിലിരിക്കേ 03.07.2021 ൽ അന്തരിച്ച ശോഭന.കെ.കെ.യുടെ മകൻ ശ്രീ.രാഹുൽ.എം.ആർ ന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, കോട്ടയം ജില്ലയിൽ വനം വന്യജീവി വകുപ്പിൽ, 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കോട്ടയം ജില്ലയിൽ ഒഴിവ് നിലവിലില്ലെങ്കിൽ ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും കോട്ടയം ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതയുടെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
ശ്രീ.രാഹുൽ.എം.ആർ, മേച്ചേരിക്കാലായിൽ ഹൗസ്, ഇരവിനെല്ലൂർ, പുതുപ്പള്ളി, കോട്ടയം-686011. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 23-12-2022 15:04:29
സെക്ഷൻ ഓഫീസർ.